**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **29-01-2024 - ൽ മറുപടിയ്ക്ക്**

**നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിൽ പ്രവർത്തിക്കുന്ന നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിൽ വേണ്ടത്ര ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫുകളെയും നിയമിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമായ അധിക തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. 22.09.2021 ലെ സ.ഉ(കൈ) നം. 168/2021/ആ.കു.വ പ്രകാരം നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് -1, ഫാർമസിസ്റ്റ് -1, ക്ലാർക്ക് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നപക്ഷം പ്രസ്തുത ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ ? | (ബി) | സ്ഥിരം ജീവനക്കാർക്ക് പുറമേ എൻ.എച്ച്.എം, എച്ച്.എം.സി, മുനിസിപ്പാലിറ്റി പ്രോജക്ട്, ജോലി ക്രമീകരണ വ്യവസ്ഥ എന്നിവ മുഖേന നിയമിച്ച ജീവനക്കാരുടെ സേവനവും ടി ആശുപത്രിയിൽ ലഭ്യമാക്കി വരുന്നു |

സെക്ഷൻ ഓഫീസർ